# 2.ഓരോ വിളിയും കാത്ത് - യു.കെ.കുമാരൻ ( കഥ)

**യു.കെ.കുമാരൻ:** - കോഴിക്കോട് പയ്യോളിയിൽ ജനിച്ചു. നോവലിസ്റ്റ് / ചെറുകഥാകൃത്ത് പത്ര പ്രവർത്തകൻ.

**അവാർഡ് :** കേരള സാഹിത്യ അക്കാദമി അവാർഡ്, ബഷീർ അവാർഡ്, എസ്.കെ പൊറ്റക്കാട് അവാർഡ്, അപ്പൻ തമ്പുരാൻപുരസ്ക്കാരം.

**പ്രധാന കൃതികൾ:** പുതിയ ഇരിപ്പിടങ്ങൾ , മട്ടത്തകളി, അടയാളങ്ങൾ , വന്നുകൊണ്ടിരിക്കുന്നു, അച്ഛൻ ഉറങ്ങുന്നില്ല, ഒറ്റയ്ക്കൊരു സ്ത്രീ ഓടുന്നതിന്റെ രഹസ്യമെന്ത്, വീട് സംസാരിക്കുന്നു, മധ്യേയിങ്ങനെ കാണുന്ന നേരത്ത്, മതിഭ്രമങ്ങളുടെ കാലം, കുടുംബ മ്യൂസിയം (ചെറുകഥകൾ)

തക്ഷൻക്കുന്ന് സ്വരൂപം , ഒറ്റവാക്കിൽ ഒരു ജീവിതം , കാണുന്നതല്ല കാഴ്ചകൾ(നോവൽ)

പാഠഭാഗാശയം:

- യു.കെ.കുമാരന്റെ ശ്രദ്ധേയമായ കഥ.
- അച്ഛന്റെ മരണത്തോടെ ഒറ്റപ്പെട്ടുപോയ അമ്മയുടെ വേദനകളും വിഹ്വലതകളുമാണ് കഥയിൽ
- അച്ഛന്റെ ഓരോ വിളിക്കും പിന്നാലെ ഓടുന്ന അമ്മയെ കഥയിൽ കാണാം
- അച്ഛനില്ലാത്ത വീട്ടിൽ അമ്മ ഇനി ഒറ്റയ്ക്ക് എങ്ങനെ കഴിയും എന്നതാണ് മകന്റെ ചിന്ത.
- അച്ഛന്റെ മരണാനന്തര ചടങ്ങുകളെല്ലാം കഴിഞ്ഞ് നഗരത്തിലേക്ക് തിരികെ പോകുന്ന മകൻ അമ്മയെ ഒപ്പം വരാൻ വിളിക്കുകയാണ്.
- ആദ്യം വിസമ്മതിച്ചെങ്കിലും മകന്റെ നിർബന്ധത്തിന് വഴങ്ങി നഗരത്തിലേക്ക് വരാമെന്ന് അമ്മ വാക്കു കൊടുക്കുന്നു.
- വീണ്ടും നിർബന്ധിച്ചപ്പോൾ ഞാനെങ്ങന്യാ മോനെ വര്യാ ? അച്ഛന് എന്നെ എപ്പോഴും വിളിച്ചോണ്ടിരിക്കുകയാ.. ഇന്നലേം വിളിച്ചു. വിളിക്കുമ്പം ഞാനിവിടെ ഇല്ലെന്ന് വെച്ചാൽ.... എന്ന മറുപടിയോടെ കഥ അവസാനിക്കുന്നു.
- <u>ബാഹ്യ സൗന്ദര്യമല്ല ഒരു വീടിനെ വീടാക്കി മാറ്റുന്നത്. പരസ്പര സ്നേഹവും കരുതലും പങ്കുവയ്ക്കലുമാണ് സ്നേഹ സമ്പന്നമായ ഒരു വീടിന്റെ ലക്ഷണം. വർത്തമാന കാലത്ത് കാണുന്ന ചില യാഥാർഥ്യങ്ങൾ ഈ കഥയിൽ അനാവരണം ചെയ്യുന്നു. വാർധക്യത്തിൽ ഒറ്റപ്പെട്ടുപോകുന്ന വൃദ്ധ ദമ്പതിമാരെയും അവരുടെ പരിസരങ്ങളെയും ഹൃദ്യമായി ആവിഷ്ക്കരിക്കുന്ന കഥ കൂടിയായി ഓരോ വിളിയും കാത്ത് മാറുന്നു.</u>

**പ്രധാനാശയങ്ങൾ**


- ഒറപ്പെടലിന്റെ അവസ്ഥയിൽ അമ്മ കൂടുതൽ ഗൗരവക്കാരിയായി മാറിയിരിക്കുന്നു.
- അച്ഛന്റെ ശബ്ദവും സാന്നിധ്യവുമായിരുന്നു വീട്.ഇപ്പോൾ ഇതൊരു വീടല്ല. നീണ്ട വരാന്തകളും വെണ്മയാർന്ന ചുവരുകളും വലിയ ജനലുകളും വാതിലുകളുമെല്ലായുണ്ടെങ്കിലും ഇതൊരു വീടാകുന്നില്ല.
- കിടപ്പിലായിരുന്നപ്പോൾ പോലും വീടിന്റെ ഓരോ കാര്യത്തിലും അച്ഛൻ ഏറെ ശ്രദ്ധിച്ചിരുന്നു.
- മനസ്സിന്റെ ക്ലാവ് പിടിച്ച കണ്ണാടിയിലൂടെ അച്ഛൻ കണ്ടതെല്ലാം ശരിയായിരുന്നു.
- "ഓർക്ക് ഇതെല്ലാം കാണാൻ ഏടേം പോണോന്നില്ല." ആട കെടന്നാലറിയാം കാറ്റ് എങ്ങോട്ടാ അടിക്കുന്നതെന്ന് - കണാരൻ പറയുന്നു.
- എങ്കിലും ചോദ്യവും നിർദ്ദേശവും അസഹ്യമാകുന്ന ചില സന്ദർഭങ്ങളിൽ അമ്മ പൊട്ടിത്തെരിക്കാരുണ്ട്.
- ഇനീപ്പം എന്നെക്കൊണ്ട് ഒന്നും വയ്യാന്ന് നെനക്ക് തോന്നി അല്ലേ? ആയിക്കോ, ആയിക്കോ. ഇതൊക്കെ ഉണ്ടാക്കിത്തരാൻ എനിക്ക് കയ്ഞ്ഞല്ലോ, അതോർത്താ മതി.
- കണ്ണ് കാണാതായിട്ടും നടക്കാൻ പറ്റാതായിട്ടും നിങ്ങൾ വിളിക്കുന്നേടത്തും പറന്നേടത്തും ഞാൻ എത്തുന്നുണ്ടല്ലോ. അതു തന്നെ വല്യ കാര്യം

- അച്ഛൻ കിടന്നിരുന്ന മുറി ശൂന്യമായതോടെ അമ്മ പലപ്പോഴും മൗനത്തിലേക്ക് ഇറങ്ങിപോവുന്നു.
- പൊടുന്നനെ വാർധക്യത്തിന്റെ നിസ്സഹായതയിലേക്ക് അമ്മ വഴുതി വീണതുപോലെ
- ഏകാന്തതയുടെ തുരുത്തുകൾ അമ്മയ്ക്കൊരിക്കലും വിശ്രാന്തിയുടെ ഇടവേളകളാകാരില്ല.
- അതോർത്ത് വിഷമിക്കേണ്ട , ഞാനിവിടെ ഒറ്റയ്ക്കാണെന്ന് എനിക്ക് തോന്നിട്ടില്ല.
- മറ്റെല്ലാം കണാരനെ ഏല്പ്പിക്കാം - ഓനതു നന്നായി നോക്കുകേം ചെയ്യും.
- മരിച്ചവർക്ക് ദാഹജലവുമായി ഇളനീർ മാത്രമേ മുറിയിൽ വയ്ക്കാറുണ്ടായിരുന്നുള്ളൂ. ഇപ്രാവശ്യം ഒരു ഗ്ലാസ് കാപ്പികൂടെ അമ്മ മുറിയിലെത്തിച്ചു.
- ഏതോ ദിശയിൽ നിന്നും അടിച്ചെത്തിയ കാറ്റിൽ ശബ്ദങ്ങളുടെ കരിയിലകൾ അപ്പാടെ പാറിപ്പോയിരിക്കുന്നു.
- കാലത്തെ ബസ്സിന് തന്നെ ഞാള് പോവും, എല്ലാരുടേം ഒരു കണ്ണ് ഇങ്ങോട്ട് ഉണ്ടാകണേ..
- നെന്റെ വീട്ടിലിരുന്നാൽ കൂമൻ മൂളുന്ന ഒച്ച കേക്കോ നീയ്യ്? (ഗ്രാമജീവിതം)
- ഇല്ലച്ഛമ്മേ. ഒന്നും കേൾക്കില്ല. ടീവീന്റെ ഒച്ച മാത്രമേ കേൾക്കാൻ പറ്റൂ. (നഗര ജീവിതം)
- നല്ല വെള്ളോല്ലാ, നിലാവൂല്ല, കൂമന്റെ ഒച്ചേം ഇല്ല. പിന്നെ എന്താ ആടെ ഉള്ളത്? (ഗ്രാമീണ സംസ്കൃതി ⇌ നഗര സംസ്കൃതി )
- ഇപ്പോഴും എടേക്കുടെ പോണ ചെലർ വിവരമറിയതെ ചോദിക്കും. മൂപ്പറെങ്ങോട്ട് പോയി ? ഞാൻ പറയും പോയീന്ന്. പോയില്ലാന്ന് എനിക്കല്ലേ അറിയൂ.
- പുലർച്ചക്ക് കണാരൻ വരും.താക്കോൽ അയാളുടെ കയ്യിൽ ഏല്പ്പിക്കണം
- ഞാനെങ്ങന്യാ മോനെ വര്വാ? അച്ഛന് എന്നെ എപ്പോഴും വിളിച്ചോണ്ടിരിക്കുകയാ. ഇന്നലേം വിളിച്ചു.വിളിക്കുമ്പം ഞാനിവിടെ ഇല്ലാന്ന് വെച്ചാൽ......

## കഥാപാത്ര നിരൂപണം , വിലയിരുത്തൽ കുറിപ്പ്

| അച്ഛൻ | അമ്മ |
|---|---|
| കിടപ്പിലായപ്പോഴും വീട്ടിലെ സജീവ സാന്നിധ്യം | അച്ഛന്റെ മരണത്തോടെ ഒറ്റപ്പെടുന്നു. |
| കൃഷിയും കാർഷിക സംസ്കൃതിയും ജീവിതത്തിന്റെ ഭാഗം | അമ്മയുടെ വേദന, വിഹ്വലത |
| വീട്ടു കാര്യങ്ങളിലുള്ള ശ്രദ്ധ | പ്രധാന കഥാപാത്രം /കഥയുടെ പ്രമേയം |
| കുടുംബത്തിലെ പ്രധാനി | മറ്റുള്ളവരോടുള്ള ബന്ധം |
| മറ്റുള്ളവരോടുള്ള ബന്ധം<br>(കണാരൻ, അയൽക്കാർ, ചാത്തുവച്ചൻ,<br>അച്ചു കുറുപ്പ്, പൈക്കച്ചവടക്കാരൻ,ചാത്തു ചെട്ട്യാർ) | അച്ഛനോടുള്ള കരുതൽ /പരിഭവം<br>നിഷ്കളങ്കത , പരസ്പര സ്നേഹം<br>അച്ഛന്റെ നിർദ്ദേശങ്ങൾ അനുസരിക്കുന്നു |
| അമ്മയുടെ ഊഷ്മളമായ ഓർമ്മകളിലൂടെ വായനക്കാരന്റെ മനസ്സിൽ ഇടം പിടിക്കുന്ന കഥാപാത്രം.<br>അച്ഛന്റെ യും അമ്മയുടെയും പരസ്പരമുള്ള പരിഭവം പറച്ചിൽ .<br>സ്നേഹ ബന്ധങ്ങളുടെ തീവ്രത പകർന്നു തരുന്നതോടൊപ്പം ഹൃദ്യമായ കുടുംബ ബന്ധം സൂക്ഷിക്കുന്ന ഗൃഹനാഥൻ. | നിഷ്കളങ്കത , പരസ്പര സ്നേഹം<br>അച്ഛന്റെ ഓരോ വിളിക്കും പിന്നാലെ ഓടുന്നു.<br>**മകനെ സ്നേഹപൂർവ്വം നിഷേധിക്കുന്ന അമ്മ**<br>മരണശേഷവും ബന്ധം നിലനിർത്തുന്നവർ<br>കൂടെയുണ്ടെന്ന തോന്നല്<br>വാർധക്യത്തിൽ ഒറ്റപ്പെട്ടു പോകുന്നവരുടെ<br>പ്രതിനിധി , നിസ്സഹായ,<br>സ്നേഹ ബന്ധത്തിന്റെ ദൃഢത കാക്കുന്നു. |

- **ഇപ്പോൾ ഇതൊരു വീടല്ല. എന്തുകൊണ്ട്?**
  - അച്ഛന്റെ മരണം വരുത്തിയ ശൂന്യത
  - നിശ്ശബ്ദത
  - സ്നേഹനിധിയായ അച്ഛന്റെ പെരുമാറ്റം
  - അച്ഛന്റെ (അ)സാന്നിധ്യം
- **ശൈലി :**
  അച്ചാലും മുച്ചാലും
- **പ്രയോഗ ഭംഗി**
  - ക്ലാവു പിടിച്ച കണ്ണാടി
  - ഏകാന്തതയുടെ തുരുത്തുകൾ
- **വിഗ്രഹാർത്ഥങ്ങൾ**
  - മരക്കൊമ്പ് - മരത്തിന്റെ കൊമ്പ്
  - ദാഹജലം - ദാഹം തീർക്കുന്നതിനുള്ള ജലം
  - കുളക്കര – കുളത്തിന്റെ കര
  - പരേതാത്മാക്കൾ- പരേതരുടെ ആത്മാക്കൾ







തയ്യാറാക്കിയത് :
**സുരേഷ് അരീക്കോട്,** HST (Malayalam)
MA (Malayalam) MA (English) MA ( Journalism)
Ghss Areekode , Malappuram,9562521509


? . പ്രകൃതിയോടും അമ്മയോടും മാത്രമല്ല അച്ഛന്റെ സ്നേഹം പ്രകടമായിരുന്നത്.ചുറ്റുപാടുള്ള ജനങ്ങളുമായും അച്ഛൻ വലിയൊരു സൗഹൃദം കാത്ത് സൂക്ഷിച്ചിരുന്നു.ഓരോ വിളിയും കാത്ത് എന്ന കഥയെ അടിസ്ഥാനമാക്കി കുറിപ്പ് തയ്യാറാക്കുക.

? . സ്നേഹവും പരസ്പര വിശ്വാസവും കൂട്ടായ്മയും ഒത്തുചേരുമ്പോഴാണ് ജീവിതം പടർന്ന് പന്തലിക്കുന്നത്. **'ജീവിതം പടർത്തുന്ന വേരുകൾ'** എന്ന യൂണിറ്റിലെ പാഠങ്ങളുടെ അടിസ്ഥാനത്തിൽ ഉപന്യാസം തയ്യാറാക്കുക.